# കണ്ണൂർ സർവ്വകലാശാല

## (പരീക്ഷവിഭാഗം)

www.kannuruniversity.ac.in

No. EG I.2/PR/2025 കെ. യു എച്ച്ക്യു., തീയതി 15.07.2026

**പ്രസിദ്ധീകരണത്തിന്**

**പ്രായോഗിക പരീക്ഷകൾ/പ്രൊജക്ട് മൂല്യനിർണ്ണയം/വൈവ-വോസി**

അഫീലിയേറ്റഡ് കോളേജുകളിലെയും സെൻററുകളിലേയും നാലാം സെമസ്റ്റർ എം.എസ്.സി കമ്പ്യൂട്ടർ സയൻസ്/എം.എസ്.സി കമ്പ്യൂട്ടർ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ഡിഗ്രി (റെഗുലർ/സപ്ലിമെൻററി) ഏപ്രിൽ 2026, പ്രായോഗിക പരീക്ഷകൾ/പ്രൊജക്ട് മൂല്യനിർണ്ണയം/വൈവ-വോസി എന്നിവ 2026 ജൂലായ് 21-ന് ബന്ധപ്പെട്ട കോളേജുകളിൽ വെച്ച് നടക്കുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾ പരീക്ഷാകേന്ദ്രവുമായി ബന്ധപ്പെടേണ്ടതാണ്

**പരീക്ഷാ വിജ്ഞാപനം**

പ്രൈവറ്റ് രജിസ്ട്രേഷൻ (2024 അഡ്മിഷൻ) ബിരുദ പ്രോഗ്രാമുകളുടെ (എഫ്. വൈ യു. ജി. പി- പാറ്റേൺ) നാലാം സെമസ്റ്റർ ഏപ്രിൽ 2026 പരീക്ഷക്ക് മുന്നോടിയായുള്ള സ്റ്റുഡൻറ് രജിസ്ട്രേഷനും കോഴ്സ് സെലക്ഷനും 16.07.2026 മുതൽ 22.07.2026 വരെ ചെയ്യാവുന്നതാണ്. തുടർന്ന് 27.07.2026 മുതൽ 31.07.2026 വരെ പിഴയില്ലാതെയും 03.08.2026 വരെ പിഴയോടുകൂടിയും പരീക്ഷാ രജിസ്ട്രേഷനും നടത്തേണ്ടതാണ്. പ്രസ്തുത പരീക്ഷകൾ 09.09.2026 ന് ആരംഭിക്കും.

പ്രൈവറ്റ് രജിസ്ട്രേഷൻ നാലാം സെമസ്റ്റർ ബിരുദം (2020-2023 അഡ്മിഷൻ- സപ്ലിമെന്ററി / ഇംപ്രൂവ്മെന്റ് ) ഏപ്രിൽ 2026 പരീക്ഷകൾക്ക് 16.07.2026 മുതൽ 23.07.2026 വരെ പിഴയില്ലാതെയും 25.07.2026 വരെ പിഴയോടു കൂടിയും അപേക്ഷിക്കാവുന്നതാണ്

പരീക്ഷാ വിജ്ഞാപനങ്ങൾ സർവകലാശാല വെബ്സൈറ്റിൽ ലഭ്യമാണ്.

ഒപ്പ്/-

അസിസ്റ്റന്റ് രജിസ്ട്രാർ I

(പരീക്ഷാ വിഭാഗം)